## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4291** **24.06.2019-ൽ മറുപടിക്ക്**

# സ്വകാര്യ ആശുപത്രി ജീവനക്കാർക്ക് മിനിമം വേതനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.സി.ജോസഫ് : | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>തൊഴിലും എക് സൈസും വകുപ്പ് മന്ത്രി |
| (എ) സ്വകാര്യ ആശുപത്രി ജീവനക്കാർക്ക് മിനിമം വേതനം നടപ്പിലാക്കിക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) അതുപ്രകാരമുള്ള മിനിമം വേതനം സ്വകാര്യ ആശുപത്രികൾ നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വെളിപ്പെടുത്തുമോ;<br>(സി) പ്രസ്തുത വിജ്ഞാപനം നടപ്പിലാക്കുന്നത് കോടതി സ്റ്റേ ചെയ്തിട്ടുണ്ടോ; എങ്കിൽ അത് നീക്കി കിട്ടുന്നതിന് അടിയന്തര ഇടപെടൽ നടത്തുമോ; | (ബി) യും (സി) യും 23/04/2018-ലെ ജി.ഒ.(പി)33/2018/തൊഴിൽ നമ്പർ വിജ്ഞാപനപ്രകാരം സ്വകാര്യ ആശുപത്രി ജീവനക്കാരുടെ മിനിമം വേതനം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ആയത് 1/10/17 മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. എന്നാൽ പ്രസ്തുത ഉത്തരവിനെ ചോദ്യം ചെയ്ത് തൊഴിലുടമകൾ ബഹു.ഹൈക്കോടതിയെ സമീപിക്കുകയും W.P.(C) No.25524/2018, 23406/2018 എന്നീ കേസുകളിലെ ഉത്തരവുകൾ പ്രകാരം പ്രസ്തുത ഉത്തരവ് സ്റ്റേ ചെയ്യുകയുണ്ടായി. കൂടാതെ മറ്റ് 10 റിട്ടഹർജികളിൽ മിനിമം വേതന ഉത്തരവ് നടപ്പിലാക്കാത്ത ആശുപത്രി ഉടമകൾക്കെതിരെ coersive steps എടുക്കാൻ പാടില്ല എന്ന തരത്തിൽ ഇടക്കാല സ്റ്റേ സമ്പാദിക്കുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ മിനിമം വേതനം നല്കാത്ത സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുവാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. ഈ കേസുകളിലെല്ലാം തന്നെ സർക്കാർ യഥാസമയം എതിർ സത്യവാങ്മൂലം ഫയൽ ചെയ്തിട്ടുമുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | സ്വതന്ത്രമായി പ്രവർത്തിക്കുന്ന സ്വകാര്യ ലാബുകൾ. ഫാർമസികൾ, ഡെന്റൽ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ വിവിധ തസ്തികകളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് മിനിമം വേതനം നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അക്കാര്യം ഗൗരവമായി പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | സ്വകാര്യ ആശുപത്രി മേഖലയിലെ ജീവനക്കാർക്ക് മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനോടൊപ്പം സ്വതന്ത്രമായി പ്രവർത്തിക്കുന്ന സ്വകാര്യ ലാബുകൾ. ഫാർമസികൾ, ഡെന്റൽ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ വിവിധ തസ്തികകളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് മിനിമം വേതനം പുതുക്കി നിശ്ചയിച്ചിരുന്നു. എന്നാൽ 23.04.2018 തീയതിയിലെ ജി.ഒ.(പി)33/2018/തൊഴിൽ നമ്പർ പ്രകാരം സ്വകാര്യ ആശുപത്രി ജീവനക്കാരുടെ മിനിമം വേതനം പുതുക്കി നിശ്ചയിച്ചുകൊണ്ട് പുറപ്പെടുവിച്ച വിജ്ഞാപനത്തിൽ സ്വതന്ത്രമായി പ്രവർത്തിക്കുന്ന ആയുർവേദ, ദന്തൽ, ഹോമിയോ ആശുപത്രികൾ സ്വകാര്യ ലാബുകൾ, ഫാർമസികൾ, സ്കാനിംഗ് സെന്ററുകൾ എന്നീ സ്ഥാപനങ്ങൾക്ക് പ്രത്യേകം മിനിമം വേതനം നിശ്ചയിക്കുമെന്ന് വ്യക്തമാക്കിയിരുന്നു. ആയതിന്റെ ഭാഗമായി സ്വതന്ത്രമായി പ്രവർത്തിക്കുന്ന സ്വകാര്യ ലാബുകൾ, ഫാർമസികൾ, ഡെന്റൽ, ആയുർവേദം, യുനാനി, സിദ്ധ, കാത്ത് ലാബുകൾ എന്നീ മേഖലകളെ മിനിമം വേതന നിയമത്തിന്റെ ഷെഡ്യൂളിൽ പ്രത്യേക മേഖലയായി ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ.